THURSDAY 19-01-2023 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/01/2023.

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള പിലിക്കോട് ഉത്തര മേഖല കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 19 മുതൽ 28 വരെ R A R S ഫാം കാർണിവൽ സഫലം –2023, നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഉത്തര മേഖലയിലെ കാർഷിക മേഖലയ്ക്ക് കൈത്താങ്ങായി സംഘടിപ്പിക്കുന്ന പ്രസ്തുത ഫാം കാർണിവൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൽഘാടനം നിർവഹിക്കുന്നു. ഈ ഫാം ഷോയിൽ വാണിജ്യ സ്റ്റാളുകൾ, ഭക്ഷ്യോൽപ്പന്ന സ്റ്റാളുകൾ മുതലായവ ക്രമീകരിക്കാൻ താല്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ ജനുവരി 23 -ന് മുൻപായി adrpil@kau.in എന്ന ഇ-മെയിൽ വിലാസത്തിൽ താത്പര്യം അറിയിക്കുകയോ, **7306234758/ 9633406694** ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണെന്ന് പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസ്സോസിയേറ്റ് ഡയറക്ടർ അറിയിച്ചു.

2. കേരള കർഷകൻ മാസികയുടെ ഉള്ളടക്കം കൂടുതൽ മികച്ചതാക്കി മാറ്റുന്നതിനായി എറണാകുളം ഫാം ഇൻഫർമേഷൻ ബ്യൂറോയുടെയും കിടങ്ങൂർ കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ വായനക്കാരുടെ കൂട്ടായ്മയായ വായനക്കളരി സംഘടിപ്പിക്കുന്നു. വായനക്കളരിയുടെ ഭാഗമായി ഈ മാസം 24 ന് (24.01.2023) രാവിലെ 10.30 ന് കിടങ്ങൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് **നെൽകൃഷിയിലെ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ** എന്ന വിഷയത്തിൽ ഒരു കാർഷിക സെമിനാറും സംഘടിപ്പിച്ചിട്ടുള്ളതായി എറണാകുളം ജില്ലാ ഫാം ഇൻഫർമേഷൻ ബ്യൂറോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

3. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2023 ഫെബ്രുവരി മാസത്തിൽ തൃശൂരിൽ വച്ച് നടത്തപ്പെടുന്ന 2022-23 വർഷത്തെ സംസ്ഥാന ക്ഷീരസംഗമത്തോട് അനുബന്ധിച്ച് ക്ഷീരോല്പാദന മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകർക്കായി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട സൃഷ്ടികൾക്ക് പുരസ്കാരങ്ങൾ നല്കുന്നു. ക്ഷീരവികസനവുമായി ബന്ധപ്പെട്ട് പുരസ്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിയ്ക്കുന്നു. പൊതുവിഭാഗത്തിൽ മികച്ച പത്ര

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

റിപ്പോർട്ട്, മികച്ച പത്ര ഫീച്ചർ, മികച്ച ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ), ക്ഷീരമേഖലയിലെ മികച്ച പുസ്തകം, മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ട്, മികച്ച ദൃശ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ ഡോക്കുമെന്ററി/മാഗസിൻ പ്രോഗ്രാം, 'ഗ്രാമീണ സ്പന്ദനം ക്ഷീരവൃത്തിയിലൂടെ' എന്ന വിഷയത്തിൽ മികച്ച ഫോട്ടോഗ്രാഫ് എന്നിവയ്ക്കും ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് മികച്ച ഫീച്ചർ - ദിനപ്പത്രം, ആനുകാലികം, മികച്ച ഫോട്ടോഗ്രാഫ് എന്നിവയ്ക്കുമാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. എൻട്രികൾ 2022 ജനുവരി 01 മുതൽ 2022 ഡിസംബർ 31 വരെ ഉള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫാറത്തിന്റെ മാതൃകയും വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും (www.dairydevelopment.kerala.gov.in) ലഭ്യമാണ്. വിജയികൾക്ക് 25,000/- രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവും നൽകുന്നതായിരിക്കും. 28.01.2023 വൈകിട്ട് 5 മണി വരെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. അപേക്ഷകൾ അയക്കേണ്ട വിലാസം-രാംഗോപാൽ.ആർ, ഡെപ്യൂട്ടി ഡയറക്ടർ (എക്സ്റ്റൻഷൻ) ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പട്ടം പി.ഒ, തിരുവനന്തപുരം - 695004 കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 62356611, 9497782824.

4. ക്ഷീരവികസന വകുപ്പ് സംസ്ഥാന ക്ഷീര സംഗമം പടവ് PADAVU 2023, – Practical Agro Dairy Activities through Value addition and cooperative Unification 2022-23 ഫെബ്രുവരി 9 -ാം തീയതി മുതൽ 15 -ാം തീയതി വരെ തൃശ്ശൂർ വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ വച്ച് നടക്കുന്നു. സംസ്ഥാന ക്ഷീര സംഗമത്തിനു അനുയോജ്യമായ ലോഗോ ക്ഷണിക്കുന്നു. ലോഗോ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ PADAVU – Practical Agro Dairy Activities through Value addition and cooperative Unification എന്ന വാക്ക് ഉൾക്കൊള്ളിക്കണം. ക്ഷീരമേഖല, മൂല്യ വർദ്ധനവ്, സഹകരണ തത്വങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ തരത്തിലായിരിക്കണം ലോഗോ തയ്യാറാക്കേണ്ടത്. മുൻപ് പ്രസിദ്ധീകരിച്ചവയോ മത്സരത്തിന് അയച്ചവയോ ആയിരിക്കരുത് . ഒരാൾക്ക് ഒരു എൻട്രി മാത്രം. ലോഗോ 21/01/2023 ന് വൈകുന്നേരം 5 മണിക്ക് മുൻപായി logo4sks@gmail.com എന്ന ഈമെയിൽ വിലാസത്തിൽ ലഭിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ലോഗോ എഡിറ്റ് ചെയ്യുവാൻ കഴിയുന്ന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോർമാറ്റിൽ നൽകേണ്ടതാണ്. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. തിരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ക്ഷീര സംഗമത്തിന്റെ ഉദ്ഘാടന ചടങ്ങിൽ വച്ച് പുരസ്കാരം നൽകുന്നതാണ്.

**പരിശീലന പരിപാടികൾ**

5. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ജനുവരി 23 മുതൽ ജനുവരി 30 വരെ **''ശാസ്ത്രീയമായ പശുപരിപാലനം'** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് 2023 ജനുവരി 21 നു മുമ്പായി നേരിട്ടോ, പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ദിനബത്തയും, യാത്രാബത്തയും നൽകുന്നതാണ്. പരിശീലനാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ ഓരോ പകർപ്പ് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 2440911 മേൽവിലാസം: ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004. ഇമെയിൽ ഐ ഡി: principaldtctvm@gmail.com

6. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സ് ആയ **''ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി (DMT)''** ആറുമാസത്തെ കോഴ്സ് ആയ **''സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാർമിംഗ് (CPF)''** എന്നീ കോഴ്സുകളിലേക്ക് 2023 - 24 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ സമർപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി കോഴ്സിന് പ്ലസ് ടു വിജയിച്ചിരിക്കണം. സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാർമിംഗ് കോഴ്സിന് എട്ടാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരാണ്. ഫൈൻ കൂടാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31.01.2023 ആകുന്നു. onlineadmission.ignou.ac.in വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9495000931, 9400608493

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2023 ജനുവരി 21 ന് (21.01.2023) മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ 9188522708 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ, ഓഫീസ് സമയങ്ങളിൽ ഈ നമ്പറിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

8. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ജനുവരി 23-ന് രാവിലെ 10.30 മുതൽ 12.30 വരെയാണ് പരിശീലനം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **0481 2351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

### കാർഷിക നിർദ്ദേശങ്ങൾ

9. ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ വിളവെടുപ്പ് കാലമാണ്. വിളവെടുക്കാൻ പാകമായവയുടെ ഇലകൾ മഞ്ഞളിച്ചു തുടങ്ങുന്നതായി കണ്ടാൽ ജലസേചനം നിർത്തുകയും സസ്യങ്ങൾ പൂർണമായും ഉണങ്ങിയ ശേഷം വിളവെടുക്കുകയും ചെയ്യാവുന്നതാണ്. വിളവെടുക്കുമ്പോൾ വിത്തിനായുള്ളവ മുളകൾക്ക് കേടുകൂടാത്ത രീതിയിൽ പറിച്ചെടുക്കുകയും ഇവ മൂന്നു ഗ്രാം മാംഗോ സേബ് ഒരു മില്ലി മാലത്തയോൺ എന്നിവ കലർത്തിയ ലായനിയിൽ 30 മിനിറ്റ് മുക്കി വയ്ക്കുകയും ശേഷം തണലുള്ള തറയിൽ നിരത്തിയിട്ട് തോർത്തിയെടുക്കുകയും ചെയ്യുക. ഇവ സൂക്ഷിക്കുന്നതിനായി തണലുള്ള പ്രദേശത്ത് കുഴിയെടുത്ത് മണലോ അറക്കപ്പൊടിയോ കുഴിയിൽ നിരത്തിയ ശേഷം വിത്തിനായുള്ള കിഴങ്ങുകൾ അതിൽ അടുക്കി വയ്ക്കാം. കുഴിയിൽ പാണലിന്റെ ഇല ഇടുന്നത് കീടാക്രമണം നിയന്ത്രിക്കാൻ സഹായിക്കും. മുകളിലായി വായു സഞ്ചാരം ലഭ്യമാകുന്ന രീതിയിൽ ഓലകൊണ്ട് മൂടുകയും ചെയ്യണം. മാസത്തിലൊരിക്കൽ രോഗസാധ്യതകൾ പരിശോധിച്ചു കേടുവരുന്നവ നീക്കം ചെയ്യുകയും ചെയ്യണം.